


# GVHSS MANIYARANKUDY



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025

**ജി.വി.എച്ച്.എസ്.എസ്.മണിയാറൻകുടി**

**അറക്കുളം ഉപജില്ല**

**ഇടുക്കി ജില്ല**

# PROFILE

| | |
|---|---|
| Name of School | GVHSS Maniyarankudy |
| Establishment | 1955 |
| Village | Vazhathoppe |
| Panchayath | Vazhathoppe |
| Block | Idukki |
| Taluk | Idukki |
| District | Idukki |
| Sub District | Arakkulam |
| BRC | Arakkulam |
| School Code | 29018 |
| Email ID | 29018gvhss@gmail.com |
| Name of HM | Bishr Ameen V T |
| Senior Assistant | Shymol K J |

# ആമുഖം

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായവളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വൈജ്ഞാനിക കേന്ദ്രമായിഈ വിദ്യാലയത്തെ വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം .

പൂർണമനുഷ്യനെ സൃഷ്ടിക്കലാണ് ഏതൊരു വിദ്യാലയത്തിന്റെയും ലക്ഷ്യമെന്ന ഉത്തമബോധം നമുക്കുണ്ട് .വ്യക്തിയുടെ ഹൃദയത്തിന്റെ മനസ്സിന്റെ ബുദ്ധിയുടെ സാമൂഹ്യബോധത്തിന്റെ സമ്പൂർണ വികാസത്തിലൂടെ മാത്രമേ ഈ ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ .സാമൂഹ്യാന്തരീക്ഷത്തിലെ പ്രത്യേകതകൾ തിരിച്ചറിഞ്ഞു വിവിധ വിശ്വാസ ധാരകളെ ബഹുമാനിക്കാനും അംഗീകരിക്കാനുമവർക്ക കഴിയണം.

മനുഷ്യ കേന്ദ്രീകൃത ചിന്തകൾക്കപ്പുറത്ത് സർവജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഈ ഭൂമിയെന്ന പരിസ്ഥിതിബോധത്തിന്റെ വെളിച്ചത്തിലൂടെ നടന്നുപോകാൻ അവരെ പ്രാപ്തരാക്കേണ്ടതാണ്

വാ പിളർന്നു നിൽക്കുന്ന ലഹരിവിപത്തിന്റെ ചതിക്കുഴികളിലകപ്പെടാത്ത മികച്ച ധാർമിക നിലവാരമുള്ള വിദ്യാർഥിക്ക മാത്രമേഭാവിലോകത്തിനു പ്രതീക്ഷയേകാൻ കഴിയുകയുള്ളൂ .ഉന്നതമായ ജനാധിപത്യബോധം വികസിച്ചുവരണം .ലിംഗനീതിയെക്കുറിച്ച് പുരോഗമനപരമായ കാഴ്ചപ്പാടുകൾ ജീവിതത്തിൽ പകർത്താൻ ശേഷിയുള്ള ഉത്തമപൗരന്മാരാണ് വളർന്നുവരേണ്ടത് .

ചുരുക്കത്തിൽ ലിംഗനീതിബോധം,ഉയർന്ന ധിഷണാശേഷി,സാമൂഹ്യബോധം,പാരിസ്ഥിതിക ചിന്ത,ധാർമികബോധം,ഭാഷാനൈപുണി,ജനാധിപത്യചിന്ത,സമത്വചിന്ത,നീതിബോധംവളർത്തിയെടുക്കുക യാണ് നമ്മുടെ ലക്ഷ്യം .

# പൊതുവിശകലനം

സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിന്നിരുന്ന ഇടുക്കിജില്ലയിലെ മണിയാറൻകുടി ഗ്രാമത്തിൽ 1955 ൽ ഈ വിദ്യാലയം സ്ഥാപിതമായി .പരിമിതമായ സാഹചര്യങ്ങൾ താണ്ടി 1 മുതൽ VHSE തലം വരെ പ്രവർത്തിക്കുന്ന വിദ്യാലയമാണ് ഇന്നിത് .ആദ്യകാലങ്ങളിൽ സമീപപ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ആശ്രയം ഈ വിദ്യാലയമായിരുന്നു.ഇപ്പോൾ എയ്ഡഡ് ,അൺഎയ്ഡഡ് സ്കൂളുകളുടെ വ്യാപനവും ഈ സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും മൂലം കുട്ടികളുടെ എണ്ണം വളരെ പരിമിതമാണ് .

# ലക്ഷ്യങ്ങൾ

**1.**ഓരോ ക്ലാസ്സിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പുവരുത്തുക .

**2.**കുട്ടികൾ പാഠഭാഗങ്ങൾ കാണാപാഠംപഠിക്കുന്നപഴയരീതികളൊക്കെഒഴിവാക്കുകപാഠപുസ്തകങ്ങൾക്കപ്പുറത്തേയ്ക്ക് പഠനപ്രവർത്തനങ്ങൾ വി പുലപ്പെടുത്തുക.

**3.**കുട്ടികളിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനുള്ളഅവസരങ്ങൾ സൃഷ്ടിക്കുക

**4.**മികവുള്ള പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കുക

**5.**ഐ സി ടി സാധ്യതകൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക

**6.**പാഠ്യ പഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക

**7.**ഗവേക്ഷണാത്മക അദ്ധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കുക

**8.**പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായപഠനതന്ത്രങ്ങൾ  ആവിഷ്കരിക്കുക

**9.**കുട്ടികൾക്ക് ഉപയോഗിക്കാൻ ഉതകുന്ന രീതിയിൽ ലാബുകൾ സജ്ജമാക്കുക

**10.**പുതു തലമുറക്ക് കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക

**11.**ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് അകറ്റി അതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക

**12.**പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം ഉറപ്പുവരുത്തുക

**13** തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക

**14.**കുട്ടികൾക്ക് ഗൈഡൻസ് ,കൗൺസിലിങ് സൗകര്യമൊരുക്കുക

**15.**സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക

**16.**ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കാനുള്ള സൗകര്യമൊരുക്കുക

**17.**മാലിന്യസംസ്കരണ മാർഗങ്ങൾ സ്കൂളിൽ നടപ്പാക്കുക

**18** കായിക ക്ഷമത വർദ്ധിപ്പിക്കുവാൻ കായിക പ്രവർത്തനങ്ങൾ നടപ്പാക്കുക

**19** ഉച്ചഭക്ഷണം വൈവിധ്യവും ജനകീയവും ആക്കുക

**20.**സ്കൂൾ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കുക.

***21.****ഉന്നത നിലവാരം പുലർത്തുന്ന അധ്യാപനം ലഭ്യമാക്കാൻ അധ്യാപന ശാക്തീകരണ പരിശീലനങ്ങൾ ലഭ്യമാക്കുക.*

# കുട്ടികൾ,അധ്യാപകർ,അധ്യാപകേതര ജീവനക്കാർ 2025-26

## കുട്ടികൾ

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| **1** | **4** | **2** | **6** |
| **2** | **3** | **2** | **5** |
| **3** | **5** | **7** | **12** |
| **4** | **1** | **3** | **4** |
| **5** | **5** | **8** | **13** |
| **6** | **3** | **4** | **7** |
| **7** | **4** | **4** | **8** |
| **8** | **3** | **8** | **11** |
| **9** | **1** | **9** | **10** |
| **10** | **4** | **7** | **11** |
| **11** | **14** | **10** | **24** |
| **12** | **7** | **6** | **13** |
| | | | |

**അധ്യാപകർ**

| | GENTS | LADIES | TOTAL |
|---|---|---|---|
| LP | 0 | 4 | 4 |
| UP | 0 | 3 | 3 |
| HS | 0 | 6 | 6 |
| HSS | 2 | 3 | 5 |

**അധ്യാപകേതര ജീവനക്കാർ**

| Clerk | Office staff | LT | FTCM | Total |
|---|---|---|---|---|
| 2 | 2 | 2 | 1 | 7 |

**വിഷയസമിതികളും ചുമതലകളും**

| വിഷയം | ചുമതല |
|---|---|
| ഗണിതം | സിമിമോൾ തോമസ് |
| സയൻസ് | ഷൈമോൾ കെ.ജെ. |
| ഇംഗ്ലീഷ് | പ്രീജമോൾ പി.എസ് |
| സാമൂഹ്യശാസ്ത്രം | പ്രീജമോൾ പി.എസ് |
| മലയാളം | സൗമ്യ പി.എസ് |
| ഐ.ടി. | സിമിമോൾ തോമസ് |
| ഹിന്ദി | ശ്രീരേഖ വി ആർ |

**അധ്യാപകരുടെ സ്ഥിതി വിവരം**

| നിയമനസ്വഭാവം | എൽ.പി. | യു .പി. | എച്ച്.എസ് | എച്ച്.എസ് .എസ് |
|---|---|---|---|---|
| സ്ഥിരം | 4 | 3 | 6 | 5 |
| താൽക്കാലികം | - | - | - | 3 |
| പാർട്ട് ടൈം | - | - | - | - |
| ആകെ | 4 | 3 | 6 | 8 |

| **ചുമതലകൾ** | **അധ്യാപകരുടെ പേര്** |
|---|---|
| സീനിയർ അസിസ്റ്റന്റ് | ഷൈമോൾ കെ ജെ |
| സ്റ്റാഫ് സെക്രട്ടറി | ബുഷ്റ എം.എ |
| എസ്.ആർ.ജി.കൺവീനർ | പ്രീജമോൾ പി.എസ് |
| കലാമേള | സിമിമോൾ തോമസ് |
| കായികമേള | സൗമ്യ പി എസ് |
| ജാഗ്രതാസമിതി | പ്രീജമോൾ പി.എസ് |
| ജെ.ആർ.സി. | സിമിമോൾ തോമസ് |
| ഉച്ചഭക്ഷണം | അൻസി കെ.ബഷീർ |
| പഠനയാത്ര | പ്രീജമോൾ പി.എസ് |

## നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | | 10 |
| ആൺകുട്ടികളുടെടോയ്‌ലറ്റ് | 5 | 3 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 8 | 4 |
| കിണർ | 1 | |
| ലൈബ്രറി | | 1 |
| ചുറ്റുമതിൽ | | |
| കളിസ്ഥലം | 1 | |
| അടുക്കള | 1 | |
| കമ്പ്യൂട്ടർ ലാബ് | 1 | |
| റീഡിങ് റൂം | | 1 |
| സ്കൂൾ ബസ് | 1 | |
| വിഷയലാബുകൾ | | 5 |

| | | |
|---|---|---|
| സ്റ്റേജ് | 1 | |
| കമ്പ്യൂട്ടർ | 11 | |
| ലാപ്ടോപ് | 39 | |
| സൗണ്ട് സിസ്റ്റം | 5 | |
| | | |

## മറ്റ് ഐ സി ടി സാധ്യതകൾ

| സംവിധാനം | ഉണ്ട് / ഇല്ല |
|---|---|
| വിക്ടേഴ്സ് ചാനൽ | ഇല്ല |
| ഡി വി ഡി പ്ലെയർ | ഇല്ല |
| ഇന്റർനെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഉണ്ട് |
| ബ്ലോഗ് | ഇല്ല |
| ഇമെയിൽ ഐ ഡി | ഉണ്ട് |
| സ്മാർട്ട് ക്ലാസ്സ്റൂം | ഉണ്ട് |
| | |

## പ്രശ്നങ്ങൾ വെല്ലുവിളികൾ

### അക്കാദമികം

മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല .

റിസോഴ്സ് അദ്ധ്യാപകരുടെ കുറവ് .

ഭിന്നനിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം .

ശരിയായ കാര്യക്ഷമത ഉറപ്പാക്കാൻ കഴിയുന്നില്ല .

ചില കുട്ടികൾക്ക് മലയാളം,ഗണിതം,ഇംഗ്ലീഷ്,ഹിന്ദി വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ നേടാൻ കഴിയുന്നില്ല .

പ്രാദേശികവിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല .

ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല .

കുട്ടികൾക്കാവശ്യമായ ഗൈഡ് ലൈൻസ്/ കൗൺസിലിംഗ് നല്കാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം .

വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അദ്ധ്യാപകരുടെ അഭാവം .

കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല .

## ഭൗതികം

റിസോഴ്സ് റൂമുകളുടെ അഭാവം
ഭൂമിശാസ്ത്രപരമായ ഘടന
ലൈബ്രറി സൗകര്യമില്ല
അപര്യാപ്തമായ ടോയ്‌ലറ്റുകൾ
പ്രഭാതഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു
കലാ കായിക പ്രവർത്തനങ്ങൾക്ക് വിദഗ്ധരുടെ സേവനം ലഭ്യമല്ല

## സാമൂഹികം

രക്ഷിതാക്കൾ ,സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് വേണ്ടത്ര അവബോധമില്ല
രക്ഷിതാക്കൾക്ക നിലവിലുള്ള നിയമ പരിരക്ഷയെക്കുറിച്ച് ധാരണയില്ല .
വിദ്യാലയത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നപരിഹരണത്തിനും സമൂഹപങ്കാളിത്തം ഇല്ല
കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും വികസിക്കുന്നില്ല

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## GVHSS മണിയാറൻകുടി

## ക്ലാസ്സ് 1

### ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാംവർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പാക്കിയ സംയുക്ത ഡയറി, രചനോത്സവം,പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായം ഇല്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവു നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷ ശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ് അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനു വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞവർഷം അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ഓരോ മാസത്തേയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട് ഓരോ മാസവും സാധ്യതകൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ് നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതിപുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത് ഓരോ മാസവും ക്ലാസ് പിടിഎയിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

## അവസ്ഥ വിശകലനം

### കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 7 കുട്ടികളാണ് പ്രവേശനം നേടിയത് ഇതിൽ എല്ലാ കുട്ടികളും അംഗണവാടി യിൽ നിന്നും വന്നവരാണ്. ശാരീരിക വെല്ലുവിളി നേരിടുന്ന 2 കുട്ടികളുണ്ട്.

### വാർഷിക ലക്ഷ്യങ്ങൾ( മലയാളം)

1) ചെറു സദസിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ ആശയങ്ങൾ ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
2) ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
3) ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.
4) ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
5) ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
6) ഓരോ കുട്ടിയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
7) ഓരോ കുട്ടിയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
8) ഓരോ കുട്ടിയുടെയും പഠന തെളിവുകളുള്ള അടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

1) പൂർണ്ണ പങ്കാളിത്തത്തോടെയുള്ള ക്ലാസ് പിടിഎ
2) ക്ലാസ് ലൈബ്രറി ഒരിക്കൽ
3)വായനോത്സവവും കഥാവേളയും
4)ഒന്നൊരുക്കം (സന്നദ്ധത പ്രവർത്തനങ്ങൾ)
5) വായന കാർഡുകൾ
6) താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ
7) അനുരൂപീകരണ പ്രവർത്തനങ്ങൾ
8)സംയുക്ത വിലയിരുത്തൽ

**ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ**
1) പൂർണ്ണ പങ്കാളിത്തത്തോടെയുള്ള ക്ലാസ് പിടിഎ.
2) സംയുക്ത ഡയറി പരിചയപ്പെടുത്തൽ,എഴുതൽ.
3) ശിൽപ്പശാല
4) അക്ഷരപ്പാട്ടുകൾ പാടി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ കണ്ടെത്തൽ.
5)ചിത്ര വായനയ്ക്ക് അവസരം ഒരുക്കി വാചകമായി പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.
6) അനുരൂപീകരണ പ്രവർത്തനങ്ങൾ
7) വിലയിരുത്തൽ.

**ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ**
1) ക്ലാസ് പിടിഎ
2) റീഡേഴ്സ് തിയറ്റർ.
3) പാട്ടരങ്ങ്.
4) നിർമ്മാണ ശില്പശാല
5) അനുരൂപീകരണ പ്രവർത്തനങ്ങൾ
6)വിലയിരുത്തൽ.

**സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ**
1) ക്ലാസ് പിടിഎ
2) സംയുക്ത ഡയറി മെച്ചപ്പെടുത്തൽ.
3) രചനോത്സവം
4) നിർമ്മാണ ശില്പശാല
5) അനുരൂപീകരണ പ്രവർത്തനങ്ങൾ
6)വിലയിരുത്തൽ.

**ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ**

1) ക്ലാസ് പിടിഎ
2) സംയുക്ത ഡയറി മെച്ചപ്പെടുത്താൻ
3) പാട്ടരങ്ങ്.
4) രചനോത്സവം
5) അനുരൂപീകരണ പ്രവർത്തനങ്ങൾ
6) വിലയിരുത്തൽ.

**നവംബർ മാസത്തെ പ്രവർത്തനങ്ങൾ**
1) ക്ലാസ് പിടിഎ
2) കൂട്ട വായന, വീട്ടു വായന, അമ്മ വായന എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
3) പത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
4) ക്ലാസ് തല പത്രം രൂപപ്പെടുത്തുന്നു.
5) അനുരൂപീകരണ പ്രവർത്തനങ്ങൾ.
6) വിലയിരുത്തൽ.

**ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ**

1) ക്ലാസ് പിടിഎ
2) രചനാശേഷി മെച്ചപ്പെടുത്തി സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുവാനുള്ള അവസരം ഒരുക്കൽ
3) കൂട്ടെഴുത്ത്
4) ലഘു കവിതകൾ കഥകൾ എഴുതുവാൻ അവസരം ഒരുക്കുന്നു.
5) അനുരൂപീകരണ പ്രവർത്തനങ്ങൾ.
6)വിലയിരുത്തൽ.

**ജനുവരി മാസത്തെ പ്രവർത്തനങ്ങൾ**

1 )ക്ലാസ് പിടിഎ
2) നിർമ്മാണ ശില്പശാല
3) പപ്പറ്റ് ഷോ
4) മികവുകളുടെ പ്രദർശനം
5) മികവുകൾ സമൂഹത്തിനു മുൻപാകെ പ്രകടിപ്പിക്കൽ
6) വിലയിരുത്തൽ

**ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ**

1) ക്ലാസ് പി ടി എ
2) കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ
3) പഠനോത്സവം
4) ഡിജിറ്റൽ ഡോക്കുമെന്റേഷൻ
5) വിലയിരുത്തൽ

## ഗണിതം

### ആമുഖം

ഒന്നാം ക്ലാസിൽ നിന്നു തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടേണ്ടതുണ്ട്. ഗണിതം നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും അറിവ് നേടുന്നത് പോലെ തന്നെ ഗണിതത്തിലും അവബോധം നേടേണ്ടത് അത്യാവശ്യമാണ്. ലളിതമായ കഥകളിലൂടെയും,കളികളിലൂടെയും, പാട്ടുകളിലൂടെയും ഗണിത ആശയങ്ങൾ സ്വായത്തമാക്കാൻ പറ്റുന്ന രീതിയിലാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### വാർഷിക ലക്ഷ്യങ്ങൾ

1) ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു,വ്യാഖ്യാനിക്കുന്നു,എഴുതുന്നു
2) ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകളെ കൂടുതൽ കുറവ് പകുതി എന്നിങ്ങനെ വിശദീകരിക്കുന്നു.
3)5- frame ൽ സംഖ്യകളെ ചിത്രീകരിക്കുന്നു.
4) പകുതിയാക്കാൻ പറ്റാത്ത സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
5) ഗണിത കിറ്റ് തയ്യാറാക്കുന്നു.
6)1-20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
7) സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ക്രമീകരിക്കുന്നു.
8) രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
9) രണ്ട് ഒരക്ക സംഖ്യകളുടെ വിവരകലനം.
10) സംഖ്യാ വ്യാഖ്യാനം.
11) സംഖ്യ പാറ്റേൺ രൂപീകരിക്കൽ.
12) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

**ജൂൺ**

1) ഗണിത കിറ്റ് തയ്യാറാക്കൽ
2) ഗണിത പാട്ടുകൾ പാടൽ.
3)1-5 വരെയുള്ള സംഖ്യകൾ എണ്ണുന്നു,എഴുതുന്നു.
4) മൂർത്തമായ വസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ, കുറവ്,തുല്യം കണ്ടെത്തൽ.

**ജൂലൈ**

1) ഗണിത കളികൾ നടത്തുന്നു.
2)1-5 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം
3) പകുതിയാക്കാൻ പറ്റുന്ന സംഖ്യകൾ അല്ലാത്തവ എന്നിവ കണ്ടെത്തുന്നു.
4) ഗണിത പാട്ടുകൾ പാടുന്നു.

**ആഗസ്റ്റ്**

1)1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിഞ്ഞ് വായിക്കുന്നു,എഴുതുന്നു.
2) വലുത്,ചെറുത്, തുല്യം എന്നിവ കണ്ടെത്തുന്നു.
3) ഗണിത കിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

**സെപ്റ്റംബർ**

1) ഗണിത പാട്ടുകൾ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു.
2) ഒരക്ക സംഖ്യകളുടെ സങ്കലനം.
3) ഒരക്ക സംഖ്യകളുടെ വ്യവകലനം.

**ഒക്ടോബർ**

1) ഒറ്റ സംഖ്യ,ഇരട്ട സംഖ്യ എന്നിവ തിരിച്ചറിയൽ.
2) വലിയ സംഖ്യ,ചെറിയ സംഖ്യ എന്നിവ തിരിച്ചറിയുന്നു.
3) മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രവർത്തനത്തിൽ ഏർപ്പെടുന്നു.
4) സംഖ്യ പാറ്റേൺ രൂപീകരിക്കൽ.

**നവംബർ**

1) ഗണിത പാട്ടുകൾ പാടുന്നു,ശേഖരിക്കുന്നു.
2) സങ്കലനം,വ്യവകലനം.
3) ആരോഹണം അവരോഹണം.

**ഡിസംബർ**

1) ആരോഹണ അവരോഹണ പ്രവർത്തനങ്ങൾ.
2) ഗണിത ആൽബം തയ്യാറാക്കൽ.

**ജനുവരി**

1) സങ്കലന വ്യവകലന പ്രവർത്തനങ്ങൾ.
2) സംഖ്യാ വ്യാഖ്യാനം.
3) ഗണിത ആൽബം പ്രകാശനം ചെയ്യൽ.

**ഫെബ്രുവരി**

1) ഗണിത പാട്ടുകളുടെ അവതരണം.
2) ലഘുവായ പ്രശ്നം നിർദ്ധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

## English

### Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read,write and speak. English with it,we how it to keep our world language English close to our heart.
The Academic master plan is designed to ensure that not a single child goes illiterate .

### AIM

1) simple words, simple sentences, add more lines, description make sure these are in the children.
2) responds to simple instructions in the classroom.
3) describe orally - picture and object using adjective( colour, size,shape etc…)
4) familiarises with words.
5) enjoys songs and sings with proper actions.
6) familiarises the name of birds and animals.

7) familiarises different vehicles.
8) To speak English without any mistake.

## Activities

### June

1) simple words introducing.
2) provide picture cards.
3) simple rhymes.

### July

1) says familiar words.
2) writing familiar words.
3) reading familiar words.

### August

1) enjoys simple songs and sings with proper actions.
2) describe orally picture and object using adjective

### September

1) read and write simple words & sentences.
2) provide picture cards and reading cards.

### October

1) introduce a simple picture description.
2) making riddles
3) describing words, rhyming words etc…

### November

1) my small description book is being prepared.
2) write 5 English words daily.

### December

1) enjoy songs and sing with proper actions.
2) make simple descriptions.

### January

1) provide an opportunity to speak English slowly and without fear.

### February

1) can read and write simple English.
2) picture reading and picture descriptions.

# പ്രവർത്തന കലണ്ടർ

| ക്രമ.ന. | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മലയാളമധുരം | ജൂൺ -മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ -മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ -മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ -മാർച്ച് |
| 6 | റീഡേഴ്സ് തിയേറ്റർ | ആഗസ്റ്റ് - മാർച്ച് |
| 7 | നാട്ടു വിശേഷം,കൂട്ടെഴുത്ത് | ജൂലൈ -മാർച്ച് |
| 8 | ക്ലാസ് പത്രം | ആഗസ്റ്റ് - മാർച്ച് (Monthly) |
| 9 | രചനോത്സവം | ജൂലൈ -മാർച്ച് |
| 10 | ഭാഷോത്സവം | ജനുവരി |
| 11 | FUN WITH A B C.... | ജൂലൈ -മാർച്ച് |

**GVHSS MANIYARANKUDY**

**മേഖല : അക്കാദമികം**

**ഉപമേഖല : ഭാഷ**

**ക്ലാസ്സ് : 2**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലിഖിതവും വാചികവുമായി ഉചിതമായാ വ്യവഹാരരൂപങ്ങളിലെ മികവ് | എഴുത്തും വരയും രചനയിലേക്കു നയിക്കുന്ന ക്യാമ്പുകൾ | ഒക്ടോബർ - നവംബർ | SRG,CLASS Tr. | SRG ,PTA |
| സർഗാത്മകതയെ തട്ടിയുണർത്താം | രചനാശില്പശാല , കഥ,കവിത ,സർഗാത്മക രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ - ജനുവരി | SRG ,ഭാഷ ക്ലബ്ബ് ,CLASS Tr. | SRG , PTA |
| | ലഘുപതിപ്പുകൾ തയ്യാറാക്കൽ | ജനുവരി | CLASS TR. | SRG ,PTA |

**മേഖല :അക്കാദമികം**

**ഉപമേഖല :ഇംഗ്ലീഷ്**

**ക്ലാസ് :2**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ അവസരം ഒരുക്കുന്നു. | മറ്റുള്ളവരുമായി സംസാരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | ജൂലൈ -മാർച്ച് | SRG , Class Teacher | |
| | | | SRG | |

| | | | |
|---|---|---|---|
| | ഇംഗ്ലീഷ് ബാലസഭ | മാസത്തിൽ ഒന്ന് | SRG |
| അക്ഷരങ്ങളുടെ ശബ്ദം അനുസരിച്ചു വാക്കുകൾ വായിക്കുന്നതിന് ഒരുക്കുന്നു. | ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒന്ന് | SRG |
| | ഇംഗ്ലീഷ് ഡേ | ആഴ്ചയിൽ ഒന്ന് | |
| | FUN with ABC... | ജൂലൈ -മാർച്ച് | SRG<br>Class Teacher |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

**ക്ലാസ്സ് : 2**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഗണിത ചിന്താശേഷി വളർത്ത് ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ ). | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSK |

| | | |
|---|---|---|
| ഗണിത കിറ്റിലെ ഉപകരണങ്ങൾ ഉപയോഗിച്ച് ഗണിത ശേഷി ഉറപ്പിക്കുന്നതിനുള്ള കളികൾ കളിക്കുന്നു | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ |

**STD : 2**

## മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുഞ്ഞുങ്ങൾക്കായി വായന തുടർച്ചക്കായി നടത്തുന്ന പ്രവർത്തനം .ഇതിലൂടെ കുട്ടികൾക്ക് സ്വന്തമായി വായിക്കാനും സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാനും സാധിക്കുന്നു.ഭാഷാവികാസത്തിന് അനുയോജ്യമായ പ്രവർത്തനം .

### സംയുക്ത ഡയറി

രക്ഷിതാവിന്റെ /അദ്ധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ വിവരിക്കുന്നതിനു സംയുക്തഡയറിയിലൂടെ കുട്ടിക്ക് സാധിക്കുന്നു .വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ എഴുത്തിലൂടെയും ,വരയിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കാൻ സാധിക്കുന്നു .

### പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിനു വളരെ പ്രാധാന്യം ഉണ്ട് .കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായക്തമാക്കിയ കുട്ടിക്ക് എളുപ്പം സാധ്യമാകുന്നു .ഒപ്പം കവിത ആസ്വാദനവും സാധ്യമാകുന്നു .ഒറ്റക്കും സംഘമായും കവിതകൾ ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നതിന് എന്ന ശേഷി നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന പദ്ധതിയാണ് പാട്ടരങ്ങ് .

### സചിത്ര പുസ്തകം

ഉദ്ഗ്രഥിത സമീപനത്തിൽ സചിത്ര പുസ്തകത്തിന് വളരെയേറെ പ്രാധാന്യം ഉണ്ട്. ചിത്രങ്ങളിലൂടെ ആശയങ്ങൾ രൂപീകരിക്കുമ്പോൾ കുട്ടികൾക്ക് പ്രവർത്തനങ്ങളിൽ താല്പര്യം വളർത്താൻ സാധിക്കുന്നു .ഭാഷയോടൊപ്പം കല ,പ്രവർത്തിപരിചയം തുടങ്ങിയ വിഷയങ്ങളിലും ഊന്നൽ നല്കാൻ സചിത്ര പുസ്തകം കൊണ്ട് സാധിക്കുന്നു .

**നാട്ടുവിശേഷം കൂട്ടെഴുത്ത്**

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്ന പ്രവർത്തനം .പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ എഴുതാൻ കുട്ടികൾക്ക് സാധിക്കുന്നു.ശാസ്ത്രപ്രക്രിയ ശേഷി വികാസം ഉറപ്പുവരുത്തുന്നതിന് ഇതിലൂടെ സാധിക്കുന്നു .

**ക്ലാസ്സ് പത്രം**

കുട്ടികൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കാൻ ക്ലാസ് പത്രം സാധ്യമാക്കുന്നു .ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ പ്രതിഫലനമാണ് ക്ലാസ് പത്രം .

**രചനോത്സവം**

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്ത് എഴുതാൻ കുട്ടികൾക്ക് കഴിയേണ്ടതുണ്ട് .ലേഖന പ്രവർത്തനങ്ങളിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് പഠനലക്ഷ്യത്തിൽ എത്തിക്കാൻ സാധിക്കുന്ന ലക്ഷ്യമാണ് രചനോത്സവംകൊണ്ട് ഉദ്ദേശിക്കുന്നത് .

**ഭാഷോത്സവം**

രണ്ടാംക്ലാസ്സിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്ന ലക്ഷ്യത്തിനായി കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ സാധിക്കുന്നു .

# CLASS 3

**മേഖല - അക്കാദമികം**

**ഉപമേഖല :ഗണിതം**

**ക്ലാസ് : 3**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമിരൂപങ്ങൾ നിർമിക്കാൻ ,പ്രദര്ശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനവരി | SRG<br>Class teacher | SSA<br>Staff SMC |

**മേഖല അക്കാദമികം**

**ഉപമേഖല ഇംഗ്ലീഷ്**

**ക്ലാസ് 3**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| വായന -ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ മാർച്ച് |
| | വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് |
| | വായനക്യാമ്പുകൾ | മൂന്നുമാസത്തിൽ ഒന്ന് |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ മാർച്ച് |

**മേഖല - അക്കാദമികം**

**ഉപമേഖല :ഭാഷ**

**ക്ലാസ് : 3**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | 1.കവികളെക്കുറിച്ച് ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| വായനപരിപോഷണം | 2.പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ - ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3.ചിത്രഗാലറി | ജനവരി | MPTA | |
| | 4.പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | വായനശാല | ക്ലബ്ബുകൾ SMC SRG |
| | 5.വായനക്കളരി<br>6.നാട്ടുവായന | ആഴ്ചയിൽ ഒന്ന് | SMC SRG | |
| | 7.പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യക്ലബ് | വായനശാല |

**ഉപമേഖല :പരിസരപഠനം**

**ക്ലാസ് :3**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികവിശകലനം** |
|---|---|---|---|---|
| ശാസ്ത്രവബോധം വളർത്തുക | കണ്ടെത്താം<br>അറിയാം<br>ലഘുപരീക്ഷണങ്ങൾ<br>കണ്ടെത്തുന്ന കുറിപ്പ് തയാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| പ്രകൃതിവിഭവസംരക്ഷണം | ജൈവവൈവിധ്യ പാർക്ക് തടയണ<br>മഴക്കുഴിനിർമാണം<br>ജലസ്രോതസ്സുകൾ പരിസ്ഥിതി | ജൂലൈ<br>ഡിസംബർ | | |

| | | | | |
|---|---|---|---|---|
| | സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | | | |

**CLASS 4**

# മലയാളം ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| ലളിതം മലയാളം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മാതൃഭാഷയായ മലയാളത്തെ കുട്ടികൾക്ക് ലളിതമാക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം പൂത്തുമ്പി വർക്ക് ഷീറ്റുകൾ നൽകി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. വാക്കുകളിലേക്കും വാചകങ്ങളിലേക്കും തെളിച്ചം ഉണ്ടാക്കുന്നു. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |
| വായിച്ച് തെളിയാം വായനയോട് ആഭിമുഖ്യം വളർത്തുന്നു. വായനക്കായി പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ക്ലാസ് ലൈബ്രറി ഒരുക്കൽ. വായന കാർഡുകൾ, ലളിതമായ പുസ്തകങ്ങൾ എന്നിവയിലൂടെ വായന തുടങ്ങി പുസ്തകങ്ങളിലേക്ക് | ജൂൺ, ജൂലൈ | പി.റ്റി.എ., എം.പി.റ്റി.എ, ബി.ആർ.സി. |
| പുസ്തക പരിചയക്കുറിപ്പ് മാസത്തിൽ രണ്ട് പുസ്തകങ്ങൾ വായിച്ച് ലളിതമായ പുസ്തകപരിചയക്കുറിപ്പുകൾ തയ്യാറാക്കുന്നു. | വായിച്ച പുസ്തകത്തെ കുറിച്ച് വിവരിക്കുന്നു. (ലളിതമായി) | ജൂലൈ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ |
| എഴുതി തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വിവിധ രചനകളിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| കണ്ടറിയാം കേട്ടറിയാം അറിവ് ഐസിറ്റി യിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോസ് ഓഡിയോസ് കണ്ടും കേട്ടും അറിവ് നിർ മ്മാണം | വർഷം മുഴുവൻ ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| രുചിയറിയാം നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് ക്ലാസിലൊരു സദ്യ | ഒക്ടോബർ | എസ്.ആർ.ജി ക്ലാസ് ടീച്ചർ പി.റ്റി.എൽ |
| സർഗോത്സവം ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കുന്ന അവസരം | മാസത്തിൽ രണ്ട് എന്ന രീതിയിൽ സർ ഗ്ഗവേളകൾ സംഘടിപ്പിച്ച് കുട്ടികളുടെ ഭാഷാ, കലാ പ്രകടനങ്ങൾക്ക് അവസരമുണ്ടാക്കുന്നു. | ജൂലൈ മുതൽ | എസ്.ആർ.ജി., ക്ലാസ് ടീച്ചർ |
| തിരിഞ്ഞ് നോട്ടം നേടിയ ശേഷികൾ, അറിവുകൾ എന്നിവ ആവർത്തിച്ച് ഉറപ്പിക്കുന്നു | മാസത്തിലൊന്ന്/ അല്ലെങ്കിൽ നിശ്ചിത പാഠഭാഗം തീരുമ്പോൾ കൃത്യമായി മൂല്യനിർ ണ്ണയം നടത്തി നേടേണ്ട ശേഷികൾ ഉറപ്പിക്കുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| വാനോളം മലയാളം മലയാളത്തിലെ വിവിധ വ്യവഹാര രൂപങ്ങൾ കൃത്യമായി പരിചയപ്പെട്ട്, പരിശീലിച്ച് അനായാസം കൈകാര്യം ചെയ്യാനാവുക. | ഒരു മാസം ഒരു വ്യവഹാര രൂപം പരിചയപ്പെടുത്തി ശേഷി ഉറപ്പിക്കുന്നു. നിരവധി ഉദാഹരണങ്ങൾ കണ്ടെത്തി ചെയ്യുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ |

# ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല/ സാമ്പത്തികം |
|---|---|---|---|
| ഹലോ ഇംഗ്ലീഷ്<br>ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം വളർത്തുന്ന ചെറു ഗെയിമുകളും Rhymes ഉം അടങ്ങുന്ന പ്രവർത്തനങ്ങൾ ചെയ്യുക. | ചെറിയ വാക്കുകൾ കൊണ്ടുള്ള ഗെയിം<br>Rhymes<br>Puzzles<br>Stories etc.... | ജൂൺ മുതൽ ജൂലൈ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ<br>ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള വിമുഖത മാറ്റൽ | ആഴ്ചയിൽ ഒന്ന് കുട്ടികൾ ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു | .ജൂലൈ മുതൽ ഫെബ്രുവരി വരെ | എസ്ആർ.ജി.<br>ക്ലാസ് ടീച്ചർ |
| സ്വീറ്റ് ഇംഗ്ലീഷ്<br>ഇംഗ്ലീഷ് തെറ്റില്ലാതെ വായിക്കാൻ | വിവിധ വായനാ സാമഗ്രികൾ, വർക്ക്ഷീറ്റുകൾ എന്നിവയിലൂടെയൊക്കെ ഇംഗ്ലീഷ് വായന മെച്ചപ്പെടുത്തി തുടർച്ചയായ പരിശീലനത്തിലൂടെ വായന മെച്ചപ്പെടുത്തുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ | എസ്ആർ.ജി.<br>ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് എഴുത്തിലേക്ക് | ഒരു തീം അടിസ്ഥനത്തിലാണ് കൂടുതൽ Vocabulary ഉണ്ടാക്കിയെടുക്കുന്നു. ചെറിയ വാചകങ്ങൾ ഉണ്ടാക്കുക. Small descriptions | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് സിമ്പിൾ ഇംഗ്ലീഷ്<br>ക്ലാസ് റൂമിലും വീട്ടിലും നിത്യജീവിത സന്ദർഭങ്ങളിലും സിമ്പിൾ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള ശ്രമം | ക്ലാസ് കുട്ടികളുമായി ഇംഗ്ലീഷിൽ മാത്രം സംവദിക്കുകയും കുട്ടികളെ ഇംഗ്ലീഷിൽ സംസാരിപ്പിക്കുന്നതിനായി വേണ്ട പിന്തുണയും, പ്രോത്സാഹനവും നൽകുന്നു. | വർഷം മുഴുവൻ | രക്ഷിതാക്കൾ<br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് തീയേറ്റർ | ഇംഗ്ലീഷ് പാഠഭാഗങ്ങളിലേയോ, പുറമേ നിന്നോ സ്കിറ്റുകൾ, സംഭാഷണങ്ങൾ തുടങ്ങിയവ തയ്യാറാക്കി അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കളിക്കാം ഗണിക്കാം ഗണിത പഠനം രസകരമാക്കൽ ചതുഷ്പ് ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഏണിയും പാമ്പും ഡയസ് കളി, കച്ചവട കളി) | വർഷം മുഴുവൻ | എസ്.ആർ.ജി. ക്ലാസ് ടീച്ചർ |
| ഒറിഗാമിയിലൂടെ പഠിക്കാം ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രഗർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |
| ഗണിത മൂല ഗണിത പഠന പ്രവർ ത്തനങ്ങൾ ആകർ ഷകമാക്കൽ | ഗണിത മൂല ഒരുക്കുന്നു. പഠനത്തിന് പ്രയോജനപ്പെടുത്തുന്നു | വർഷം മുഴുവന് | പി.റ്റി.എ. എസ്.ആർ.ജി ക്ലാസ് ടീച്ചർ |
| ഗണിതച്ചുമർ ഗണിത രൂപങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ അവയുടെ പ്രായോഗികത തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിത പഠനോപകരണങ്ങളിലൂ ടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം<br>വർഷത്തിലൊന്ന് | പി.റ്റി.എ. എസ്.ആർ.ജി ക്ലാസ് ടീച്ചർ |

**പരിസര പഠനം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|
| പ്രകൃതി നടത്തം<br>നിരീക്ഷണം - അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | പ്രധാനാധ്യാപകൻ<br>ക്ലാസ് പി.റ്റി.എ. |
| ശാസ്ത്ര മൂല<br>ശാസ്ത്ര പഠനം ലളിതവും രസകരമാക്കൽ | ശാസ്ത്ര പഠനത്തിനാശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | പ്രധാനാധ്യാപകൻ<br>എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ |
| ഭൂപടമൊരുക്കാം<br>കേരളം, ഇന്ത്യ ഭൂപടവായന<br>സൂചിക പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |
| ശാസ്ത്ര ചുമർ<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ |
| ശാസ്ത്ര മാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | ആവശ്യാനുസരണം<br>വർഷത്തിൽ രണ്ടോ മൂന്നോ | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

# മേഖല :-യു.പി , ബേസിക് സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങൾ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ◆ പച്ചക്കറിത്തോട്ടം ,കുളം, ശാലഭോദ്യാനം എന്നിവയുടെപരിചരണം<br>◆ പഠനയാത്ര<br>◆ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ ശാസ്ത്രക്ലാസ്സുകളിൽ ചെയ്യുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു . | അക്കാദമികവർഷം |
| 2. | ശാസ്ത്രഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ◆ ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നു<br>◆ ശാസ്ത്ര കൈയെഴുത്തു മാസിക തയ്യാറാക്കുന്നു | അക്കാദമികവർഷം |
| 3. | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായിബന്ധപ്പെടുത്തി പഠനത്തിനായി പ്രയോജനപ്പെടുത്തുക . | ◆ ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു.<br>◆ പുതിയ കണ്ടെത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ ,പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ വീഡിയോകൾ എന്നിവയുടെ പ്രദർശനം നടത്തുന്നു. | അക്കാദമികവർഷം |

.

**മേഖല:UP സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ പരിശോധിക്കൽ. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ പരിശോധിക്കുന്നതിനായി Memory Test നടത്തുന്നു. | ജൂൺ ആദ്യ ആഴ്ച | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നതിനുള്ള പത്രവാർത്തകൾ,വീഡിയോ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കുവാനും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും കുട്ടികളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നു. Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു ബോധവത്ക്കരിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| സഹജീവികളോടുള്ള സ്നേഹവും കരുതലും വളർത്തിയെടുക്കുക. | വിവിധ ദുരന്തങ്ങളിൽ അകപ്പെട്ടു കഴിയുന്നവരെ സഹായിക്കാൻ അവസരം നൽകുന്നു. മിതവ്യയ ശീലം പരിശീലിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| സാങ്കേതിക വിദ്യയുടെ ദുരുപയോഗം ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങൾ റോഡ് സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ കുട്ടികളെ ബോധവാന്മാരാക്കുന്നു. | സൈബർ സുരക്ഷ ഉദ്യോഗസ്ഥർ, പോലീസ് എക്സൈസ് തുടങ്ങിയവരുടെ സഹായത്തോടെ ബോധവത്ക്കരണ ക്ലാസുകൾ നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |

| | | | |
|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നു. | പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |
| പഠിതാക്കളുടെ നിലവാരം ഉയർത്തുന്നു. | മത്സര പരീക്ഷകൾക്കായി കുട്ടികളെ ഒരുക്കുന്നു. ചോദ്യോത്തര വേളകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ |

## മേഖല: UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണ |
| ഗണിതപഠനം ആസ്വാദ്യകരമാക്കുന്നു. | വിവിധ ഗണിതരൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടിക പ്പെടുത്തുന്നു. പ്രദർശനം നടത്തുന്നു. | അക്കാദമിക വർഷം | ഗണ |
| ഗണിതപഠനം സുഗമമാക്കുന്നു. | പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് താല്പര്യമുണ്ടാക്കുന്ന വിധത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | അക്കാദമിക വർഷം | ഗണ |
| ഗണിത താല്പര്യം വർധിപ്പിക്കുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്കീയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ICT സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. മത്സര പരീക്ഷകൾക്കായി കുട്ടികളെ പരിശീലിപ്പിക്കുന്നു. | അക്കാദമിക വർഷം | ഗണ |

## ACADAMIC MASTER PLAN – UP ENGLISH

| Aim | Activities | Duration | Duty |
|---|---|---|---|
| 1.Provides opportunities to listen English and speak it easily. | 1.Plays English recordings (simple stories, speeches Etc.) | 1 Year | English teacher |
| | 2.Practise to follow the giving instructions. | June-Dec | |
| 2. Train the children to read English in correct accent. | 3.Encourage the children to provide appropriate answer to the related questions. | 1 Year | |
| | 1.Giving reading cards to practise. | 1 Year | |
| | 2. Giving Word building activities to improve vocabulary. | 1 Year | |
| 3.Train the children to write English without any mistake | 1.Practise the children to prepare sign boards & posters | Every month | |
| | 2.Provides opportunities to write a few sentences by giving picture cards of animals & flowers. | 1 Year | |

# മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവ<br>സ്ഥ<br>പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹനം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക<br>7. വാക്യങ്ങൾ നിർമിക്കൽ<br>8. ചിത്രം -അടിക്കുറിപ്പ്<br>9. ചിത്രം -കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | അക്കാദമിക വർഷം | പുസ്തകങ്ങൾ,<br>ചിത്രങ്ങൾ | മലയാളം<br>അധ്യാപിക |
| 2. കുട്ടിയെ<br>മികച്ച<br>വായനക്കാരനാ<br>ക്കുക | 1. വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. വായനാനുഭവം<br>6. വായനാക്കുറിപ്പ് പതിപ്പ്<br>7. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>8. ദിനാചരണം<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങളും<br>വായനയും<br>10. ആസ്വാദകരമായ വായന | അക്കാദമിക വർഷം | ലൈബ്രറി,<br>പത്രങ്ങൾ,<br>ആനുകാലിക<br>പ്രസിദ്ധീകരണ<br>ങ്ങൾ | മലയാളം<br>അധ്യാപിക |
| 3. കുട്ടിയെ<br>മികച്ച<br>എഴുത്തുകാരനാ<br>ക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. വായനക്കുറിപ്പ് , പതിപ്പ്<br>ചുമർപത്രിക,<br>3. കൈയെഴുത്തുമാസിക തയ്യാറാക്കൽ<br>വ്യക്തി രചന, സംഘരചന | അക്കാദമിക വർഷം | ലൈബ്രറി,<br>പത്രങ്ങൾ,<br>ആനുകാലിക<br>പ്രസിദ്ധീകരണ<br>ങ്ങൾ | മലയാളം<br>അധ്യാപിക |
| 4. സദസ്സിനെ<br>അഭിമുഖീകരിക്ക<br>ാൻ<br>പ്രാപ്തരാക്കുക | 1. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>2. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു,<br>അവതരിപ്പിക്കാൻ സജ്ജമാക്കുന്നു. | അക്കാദമിക വർഷം | ഓഡിയോ<br>വീഡിയോ | മലയാളം<br>അധ്യാപിക |

# HS സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യാനുള്ള കഴിവ്, നിരീക്ഷണപാടവം , ശാസ്ത്രവിഷയത്തിൽ താല്പര്യം എന്നിവ വളർത്തുക . | 8, 9 ,10 ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| ശാസ്ത്ര വിഷയത്തിൽ താല്പര്യം ജനിപ്പിക്കുക , ശാസ്ത്രീയ മനോഭാവം വളർത്തുക | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| സസ്യ സംരക്ഷണം | ചെടികൾ കണ്ടെത്തി നട്ടു വളർത്തുന്നു ,ഔഷധ സസ്യ തോട്ടം നിർമിക്കുന്നു .തണൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുന്നു . | അക്കാദമിക വർഷം | സയൻസ് ക്ലബ് | പി .ടി .എ |
| ശാസ്ത്രജ്ഞന്‍ മാരെ അറിയുക | ജീവ ചരിത്ര കുറിപ്പ് തയ്യാറാക്കുക | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| ശാസ്ത്ര വാർത്തകൾ അറിയുക | ശാസ്ത്ര സംഭവങ്ങൾ പ്രതിഭാസങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കുക.സയൻസ് മാഗസിൻ പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് ക്ലബ് | പി .ടി .എ |

| | | | | |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം വളർത്തുക ,നേരറിവുകൾ നേടുക | കുട്ടികൾ നിർമിച്ച വസ്തുക്കൾ പ്രദർശിപ്പിക്കുക . ക്വിസ്, സെമിനാർ ,പ്രൊജക്റ്റ് മുതലായവയിൽ പങ്കെടുക്കുക | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

| മേഖല – ഹൈസ്കൂൾ - ഗണിതം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1)ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ഗണിത അധ്യാപകർ |
| 2)നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെൻ്റ് ബോക്സിൻ്റെ ലഭ്യത,ശില്പശാലകൾ | തുടർ പ്രവർത്തനം | ഗണിത അധ്യാപകർ |
| 3)ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ,അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ |
| 4)സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | ഗണിത അധ്യാപകർ |
| 5)അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം,ഇടപെടൽ,ചർച്ച | അക്കാദമിക | വിഷയ സമിതി കൺവീനർ,ഗണിത |

| | | | |
|---|---|---|---|
| പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു.<br><br>6)ഗണിത മത്സരവേദിയിലേക്ക് : മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | കൾ,പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു.<br><br>ഗണിത ക്ലബിൻ്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | വർഷം,തുടർ പ്രവർത്തനം<br><br>മാസത്തിൽ ഒന്ന് | അധ്യാപകർ<br><br>ഗണിത അധ്യാപകർ |

| **മേഖല - ICT** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1)വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.<br><br>2)ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ | ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ്വയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയുംഅതുവഴി പഠനപ്രവർത്തനങ്ങൾ കൂടതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.<br><br>മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ |

| | | | |
|---|---|---|---|
| നൂതനമാക്കുന്നതോടോപ്പം ദുരുപയോഗം നടക്കുന്നു.ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കിക.<br><br>3)നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക.അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക.<br><br>4)സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം. | കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവാശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br><br>സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു.<br><br>വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സൈബർ സെൽ, ICT പരിശീലനം നേടിയ അധ്യാപകർ<br><br>ഐ.ടി. അധ്യാപകർ<br><br>ഐ.ടി. അധ്യാപകർ |

## വിഷയമേഖല - ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം

### പൊതുലക്ഷ്യങ്ങൾ

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജിക്കുക
- സാമൂഹ്യചിന്ത,സാമൂഹ്യബോധം ,സാമൂഹ്യശാസ്ത്ര വിശകലനശേഷി,അന്വേഷണപാടവം എന്നിവ കുട്ടികൾ ആർജിക്കുക
- സാമൂഹ്യശാസ്ത്രപഠനത്തിൽ ഐ സി ടി സാദ്ധ്യത പ്രയോജനപ്പെടുത്തുക
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്താൻ സാമൂഹ്യശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക
- ഭൂപട വായന ക്രമീകരിക്കുക

- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു
- പ്രാചീന മധ്യ നവീന ലോകം പരിചയപ്പെടുന്നു
- ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹ്യഅവബോധം വളർത്തുന്നു

## സാമൂഹ്യശാസ്ത്രപഠനം - പ്രശ്നങ്ങൾ

**അക്കാദമികം**

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച ശേഷികൾ,ധാരണ,ആശയം എന്നിവ നേടാൻ കഴിയുന്നില്ല

എല്ലാ കുട്ടികളെയും പരിഗണിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നില്ല

വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ,സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്

**ഭൗതികം**

ക്ലാസ്സ്മുറികൾ പഠനതന്ത്രങ്ങൾ,ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ തരത്തിലുള്ളതല്ല

ഐ സി ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യമില്ല

ക്ലാസ് ലൈബ്രറികളില്ല

**സാമൂഹികം**

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

പ്രാദേശിക വിവര ശേഖരണം കാര്യക്ഷമമായി നടക്കുന്നില്ല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| സാമൂഹ്യപാഠവബോധം കുട്ടികൾ ആർജ്ജിച്ചിട്ടുണ്ടോ എന്നറിയൽ<br><br>സാമൂഹ്യപഠനം ആസ്വാദ്യകരമാക്കൽ<br><br>സാമൂഹ്യപ്രതിപദ്ധതയുള്ള വിദ്യാർഥികളെ രൂപപ്പെടുത്തൽ | പ്രീടെസ്റ്റുകൾ,അടിസ്ഥാന ശേഷി വികസനം,ക്വിസ് മത്സരങ്ങൾ പ്രാദേശികചരിത്രരചന ഭൂപടരചന,മണ്ണ് ശിലാ പ്രദർശനം ,പഠനോപകരണനിർമാണം പ്രകൃതിയെ അറിയൽ ശില്പശാല,പ്രകൃതിസംരക്ഷണപ്രവർത്തനങ്ങൾ | ജൂൺ,ജൂലൈ<br><br>ജൂലൈ,ആഗസ്റ്റ്<br><br>ആഗസ്റ്റ്,ഡിസംബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര ക്ലബ്<br><br>പി.ടി.എ,എം,പി,ടി,എ, സാമൂഹ്യശാസ്ത്ര ക്ലബ് |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |

| | | | |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനത്തിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം | സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തൽ,പ്രോജക്ട് റൂം | വർഷം മുഴുവൻ | ഐ.ടി.ക്ലബ്,സോഷ്യൽ സയൻസ് ക്ലബ് |
| സാമൂഹ്യശാസ്ത്രപഠനം സ്മാർട്ടാക്കൽ | ചരിത്രസിനിമകൾ,ഡിബേറ്റുകൾ,അനുകരണ കോടതികൾ | വർഷം മുഴുവൻ | സോഷ്യൽ സയൻസ് ക്ലബ് |
| രാഷ്ട്രവികസനത്തിന്റെ ഭാഗഭാക്കാവുന്ന പൗരനെ രൂപപ്പെടുത്തൽ | ദേശീയദിനാചരണങ്ങൾ, മോഡൽപാർലമെന്റ്,ഇന്നത്തെ ചിന്താവിഷയം അവതരണം | ജൂൺ -ഫെബ്രുവരി | പി.ടി.എ,സോഷ്യൽ സയൻസ് ക്ലബ് |
| സാമൂഹ്യശാസ്ത്ര പതിപ്പുകൾ തയാറാക്കൽ | വിവരശേഖരണം,റഫറൻസ്,ഗ്രൂപ്പ് ചർച്ചകൾ | ജൂൺ -ജനുവരി | സോഷ്യൽ സയൻസ് ക്ലബ് |
| ജനാധിപത്യ ബോധം ,പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |
| ഭൂപടവായന,സ്ഥലനിർണയം എന്നിവ നടത്താൻ പ്രാപ്തരാക്കുക | ഭൂമിശാസ്ത്രപരമായി താല്പര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക അറ്റ്‌ലസ്,മാപ്പുകൾ,ഗ്ലോബ് എന്നിവ സുപരിചിതമാക്കുന്നു . | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ക്വിസുകൾ,ദിനാചരണങ്ങൾ,ഉപന്യാസം,പ്രസംഗം, എന്നിവ നടത്തുന്നു | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

## വിഷയമേഖല -ഹൈസ്കൂൾ ഇംഗ്ലീഷ്

**പ്രശ്നങ്ങൾ**

Lack of language teachers
Lack of communication skill
Insufficient vocabulary
Defective sentence pattern
Illegible handwriting

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| Develop communication skill | Spoken English classes,<br>English corner,Story time,English assembly | Saturdays | Teachers |
| Prepare students for expressing ideas | Role play,English Day,Seminars,Recitations. | Academic year | Teachers |
| Prepare them for independent reading and writing | Book reading,News reading,Picture reading,Public speaking | Classroom Activities,Assembly | SRG,Teachers |
| Strengthening | English Assembly,skit,English Lab | Classroom Activities, | Teachers |
| Effective use of ICT opportunities | Introduce famous writers,persons,English fest, Films | Once in an Academic year | English club |
| Conduct debates,seminars for their language development | Debates,Conferences | Twice in an Academic year | English club |
| | | | |

| മേഖല -പ്രവൃത്തിപരിചയം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പിന്തുണ** |
| പ്രവൃത്തിപരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തിപരിചയത്തിൽ പരിശീലനം നൽകുക | ഒരു മാസം | SRG |
| **മേഖല -കലാരംഗം** | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പിന്തുണ** |
| കലാമികവുള്ളവർക്ക് പരിശീലനം നൽകുക | കലാവാസന ഉള്ള കുട്ടികൾക്ക് പരിശീലനം നൽകുക | ആഴ്ചയിൽ ഒരു ദിവസം | SRG |
| **മേഖല-കായികവിദ്യാഭ്യാസം** | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പിന്തുണ** |
| കുട്ടികളുടെ കായികശേഷി വികസിപ്പിച്ച മികവിലെത്തിക്കൽ | കഴിവുകൾ പരിഗണിച്ച താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി മികവിലെത്തിക്കുക<br><br>ദിവസവും കുട്ടികൾക്ക് പരിശീലനം നൽകുക | ഒരു വർഷം<br><br>ദിവസവും | കായികാധ്യാപകൻ<br><br>കായികാധ്യാപകൻ |

## പ്രശ്നങ്ങൾ ,പരിമിതികൾ

- കുട്ടികൾക്ക് പരിശീലനം നടത്താൻ ആവശ്യമായ സൗകര്യങ്ങളോടു കൂടിയ ഗ്രൗണ്ട് ഇല്ല
- കായികാധ്യാപകൻ ഇല്ല

## ഉപമേഖല  ORC

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളെ നേർവഴിക്കു നയിക്കുന്നതിന്  ORC ട്രെയിനിങ് | ORC ട്രെയിനിങ്ങിന്റെ ഭാഗമായി ക്ലാസുകൾ | 6 മാസത്തിൽ ഒരിക്കൽ | ORC നോഡൽ ഓഫീസർ |

## ഉപമേഖല - ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള കുട്ടികൾ | കുട്ടികളുടെ ഭക്ഷണശീലം ക്രമീകരിക്കൽ<br>പോഷകാഹാരം സ്കൂൾ ഉച്ചഭക്ഷണമുൾപ്പടെ | ജൂൺ,ജൂലൈ | ഹെൽത്ത് ക്ലബ്<br>ഉച്ചഭക്ഷണക്കമ്മറ്റി |
| ആരോഗ്യബോധവത്കരണക്ലാസ്സുകൾ | എന്ത്, കഴിക്കണം,<br>കുടിവെള്ളം ഒരുക്കൽ,<br>ശ്വസനവ്യായാമങ്ങൾ | ആഗസ്റ്റ് ,സെപ്റ്റംബർ | ഹെൽത്ത് ക്ലബ് |

# ഉപസംഹാരം

മണിയാറൻകുടി ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ മുൻകൂട്ടിക്കണ്ട് തയ്യാറാക്കിയതാണ്.കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പ്രാവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.പഠനാനുബന്ധ പ്രവർത്തനങ്ങളും ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.അതിനു കഴിയുമെന്ന് പൂർണമായി വിശ്വസിക്കുന്നു.